# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1365 11.02.2016 - ൽ മറുപടിക്ക്**

## മുണ്ടയ്ക്കൽ പാലം നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ജി. സുധാകരൻ** | : | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ കൈനകരി പാലം നിർമ്മിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത് ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2009 - ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പ്രസ്തുത പാലം നിർമ്മാണത്തിനായി തറക്കല്ലിടുകയും ചെയ്തു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തറക്കല്ലിട്ടെങ്കിലും പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | യഥാസമയം പ്രസ്തുത പാലത്തിന്റെ വിശദമായ രൂപ രേഖ ലഭ്യമാകാതിരുന്നതിനാൽ ഭരണാനുമതി കാലഹരണപ്പെട്ടു. തുടർന്ന് പാലം നിർമ്മാണ പ്രവർത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | മുണ്ടയ്ക്കൽ പാലത്തിന് തറക്കല്ലിട്ടത് ആരാണ് ; എന്നാണ് തറക്കല്ലിട്ടത് ; | (സി) | സഹകരണ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. സുധാകരൻ അവർകളാണ് 03.03.2011 - ൽ പ്രസ്തുത പാലത്തിന് തറക്കല്ലിട്ടത്. |

| | | | |
|---|---|---|---|
| (ഡി) | ഈ ഗവൺമെന്റിന്റെ കാലത്ത് മുണ്ടയ്ക്കൽ പാലത്തിന്റെ നിർമ്മാണത്തിനായി എന്തു തുക അനുവദിച്ചു ; ആരാണ് നിർമ്മാണ ഉദ്ഘാടനം നടത്തിയത്, എന്നാണ് നിർമ്മാണ ഉദ്ഘാടനം നടത്തിയത്; വ്യക്തമാക്കാമോ ; | (ഡി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പാലത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെ 22.5 കോടി രൂപയുടെ ഭരണാനുമതിയും 25.85 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി അവർകൾ 2015 ഒക്ടോബർ 2 - ാം തീയതി നിർമ്മാണ ഉദ്ഘാടനം നടത്തി. |
| (ഇ) | പാലത്തിന്റെ പണി കരാർ പ്രകാരം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ? | (ഇ) | രണ്ട് വർഷത്തെ കാലാവധി പ്രകാരം 07.09.2017 - ൽ പാലത്തിന്റെ പണി പൂർത്തീകരി-ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ